# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 628 28-09-2016 -ൽ മറുപടിക്ക്

### തിരുവനന്തപുരം-ഷൊർണ്ണൂർ കനാൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. എ. അഹമ്മദ് കബീർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. എം ഉമ്മർ<br>ഡോ. എം.കെ.മുനീർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം - ഷൊർണ്ണൂർ കനാലിന്റെ (റ്റി.എസ്.കനാൽ) ആദ്യഭാഗത്തിന്റെ പുനരുദ്ധാരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) 74.18 കി.മീ. ദൂരമുള്ള കോവളം - കൊല്ലം ജലപാതയിൽ വർക്കല - അഞ്ചുതെങ്ങ് ഭാഗത്ത് 13-ാം ധനകാര്യ കമ്മീഷൻ സഹായത്തോടെ 5.28കോടി രൂപയുടെ 3 പ്രവൃത്തികളും സംസ്ഥാന ഫണ്ടിൽ 34.595 കോടി രൂപ ഉൾപ്പെടുത്തി 7 പ്രവൃത്തികളും പല ഭാഗങ്ങളിലായി നടന്നു വരുന്നു. 2.16 കോടി രൂപയുടെ 4 പ്രവൃത്തികൾ പൂർത്തീകരിച്ചു. കോവളം - ആക്കുളം വരെയുള്ള പാർവ്വതി പുത്തനാറിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി നാറ്റ്പാക് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതിയ്ക്കായുള്ള പ്രവൃത്തികൾ നടന്നു വരുന്നു.<br><br>വേളി - ആക്കുളം കായലിന്റെ ആഴം കൂട്ടലിനായി 16.99 കോടി രൂപയുടെ പ്രവൃത്തിയും പാർശ്വ സംരക്ഷണത്തിനും സൗന്ദര്യ വൽക്കരണത്തിനായും 12.99 കോടി രൂപയുടെ പ്രവൃത്തിയും പുരോഗതിയിലാണ്. നടയറ മുതൽ ഇരവിപുരം കായൽ വരെയുള്ള 11 കി.മീ. ദൂരം ഗതാഗതയോഗ്യമാണ്. ഇരവിപുരം കായൽ മുതൽ അഷ്ടമുടി കായൽ വരെയുള്ള 7.86 കി.മീ. ദൂരമുള്ള കൊല്ലം തോടിന്റെ 2 കി.മീ. ഭാഗത്തെ ആഴംകൂട്ടൽ പൂർത്തിയാക്കിയിട്ടുണ്ട്. 3.5 കി.മീ ഭാഗത്തെ 9.20 കോടി രൂപയുടെ ആഴം കൂട്ടലും |

പാർശ്വഭിത്തി സംരക്ഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു. കച്ചിക്കടവു മുതൽ ജലകേളി കേന്ദ്രം വരെയുള്ള ഭാഗത്തെ വികസന പ്രവൃത്തികൾക്കായി 5 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ചിറയിൻകീഴ് പഞ്ചായത്തിൽ കടകം വടക്കേഅരയത്തുരുത്ത്, തെക്കേ അരയത്തുരുത്ത് ഭാഗങ്ങളിൽ 2 വരി റോഡ് ബ്രിഡ്ജിന്റെ നിർമ്മാണത്തിനായുള്ള 3 പ്രവൃത്തികൾക്കായി യഥാക്രമം 6 കോടി, 7.6 കോടി, 6 കോടി എന്നിങ്ങനെ 19.6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പുനരുദ്ധാരണ നടപടികൾ മുടങ്ങിക്കിടക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടവും, പരിസരവാസികൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങളും ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കുമോ;

(ബി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പാർവ്വതിപുത്തനാറിന്റെ മൂന്നാറ്റുമുക്കു മുതൽ ആക്കുളം വരെ പോള മാറ്റുന്ന പ്രവൃത്തി പുരോഗതിയിലാണ്. കൂടാതെ പാർവ്വതി പുത്തനാറിനെ മാലിന്യ മുക്തമാക്കുന്നതിനായി ആക്കുളത്ത് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 4.298 കോടി രൂപ ജലസേചന വകുപ്പ് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. പാർവ്വതി പുത്തനാറിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി നാറ്റ്പാക് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതിയ്ക്കായുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഈ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ജലപാതയുടെ ജലനിർഗ്ഗമനം സുഗമമാവുകയും പരിസരവാസികൾ നേരിടുന്ന ആരോഗ്യ പ്രശ്നത്തിന് പരിഹാരമാകുന്നതുമാണ്.

(സി) തിരുവനന്തപുരം മുതൽ കൊല്ലം വരെയുള്ള പണികൾക്കായി ഇതുവരെ ചെലവഴിച്ചിട്ടുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

(സി) തിരുവനന്തപുരം മുതൽ കൊല്ലം വരെയുള്ള പണികൾക്കായി ഇതുവരെ ചിലവഴിച്ചിട്ടുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 2007 - 08 | - | രൂ. | 4,40,05,795/- |
| 2008 - 09 | - | രൂ. | 1,46,53,189/- |
| 2009 - 10 | - | രൂ. | 4,39,54,730/- |
| 2010 - 11 | - | രൂ. | 3,17,38,823/- |
| 2011 - 12 | - | രൂ. | 2,52,18,413/- |
| 2012 - 13 | - | രൂ. | 1,45,30,450/- |
| 2013 - 14 | - | രൂ. | 1,50,33,256/- |

| | | | |
|---|---|---|---|
| 2014 - 15 | - | രൂ. | 4,32,23,566/- |
| 2015 - 16 | - | രൂ. | 1,61,54,966/- |
| 2016 - 17 | - | രൂ. | 1,95,33,678/- |
| ആകെ. | - | രൂ. | 26,80,46,866/- |

സെക്ഷൻ ഓഫീസർ